

ജീവിത ചക്രങ്ങൾ

ഗീത. കെ.ഇ.

# ഭാരം താങ്ങും ചക്രങ്ങൾ

കാലം മാറി. പഴയ സമ്പ്രദായങ്ങൾ മാറി. പുതിയ തൊഴിലുകൾ വന്നു. എന്നാൽ ഇതൊന്നും പട്ടേഴത്തിൽ മരയ്ക്കാറിന് പ്രശ്നമല്ല. 25 വർഷം മുമ്പു തുടങ്ങിയ തൊഴിൽ ഇന്നും മാറ്റമില്ലാതെ തുരുകയാണ് മരയ്ക്കാർ. സഹചാരിയായി സൈക്കിളുമുണ്ട്. പന്തീരാങ്കാവ് അങ്ങാടിയിൽ സൈക്കിളിൽ ലോഡിംഗ് തൊഴിലാളിയാണ് മരക്കാർ. സൈക്കിളിൽ ലോഡിംഗ് ചില്ലറ പണിയല്ല. അതിന് നല്ല ആരോഗ്യം വേണം. വലിയ ചാക്കൊക്കെ ഒറ്റക്ക് സൈക്കിളിൽ വെച്ച കയറ്റവും ഇറക്കവും ഇടവഴികളും താണ്ടി ലക്ഷ്യസ്ഥാനങ്ങളിൽ ചരക്കെത്തിക്കുന്നത് ഭാരിച്ച ഉത്തരവാദിത്വമുള്ള ജോലിതന്നെ.

ഇത്ര കാലമായിട്ടും, തൊഴിൽ സാഹചര്യങ്ങൾ മാറിയിട്ടും ഇന്നും എന്തേ സൈക്കിൾ മാറുന്നതിനെപറ്റി ആലോചിച്ചില്ല എന്ന ചോദ്യത്തിന് 'ഞങ്ങളോട് ആരും ഇവിടെ മത്സരിക്കാനില്ല' എന്നാണ് ഇദ്ദേഹത്തിന്റെ മറുപടി. ഇദ്ദേഹത്തെ സംബന്ധിച്ചിടത്തോളം യാത്രകൾക്കുള്ള വാഹനം മാത്രമല്ല സൈക്കിൾ; കുടുംബത്തിന്റെ അന്നദാതാവാണ്.

ചെറുപ്പകാലത്ത് മദ്രാസിലേക്ക് കുടിയേറിയിരുന്നു മരക്കാർ. അവിടെ വെച്ചാണ് സൈക്കിളുമായുള്ള പരിചയം ആരംഭിക്കുന്നത്. ഒരു ഹോട്ടലിൽ സഹായിയായി നിൽക്കുമ്പോൾ ചന്തയിൽ നിന്നും ചരക്കെത്തിക്കാൻ സൈക്കിൾ ഉപയോഗിച്ചു തുടങ്ങി. പിന്നീട് നാട്ടിൽ വന്ന ശേഷവും പണി ഉപേക്ഷിച്ചില്ല. അപ്പോഴെക്കും നല്ല ബാലൻസ് ആയിക്കഴിഞ്ഞിരുന്നു.

ആദ്യകാലങ്ങളിൽ പണിയൊഴിഞ്ഞ നേരമുണ്ടായിരുന്നില്ല. 1985 ൽ ഉണ്ടായിരുന്നതിന്റെ നാലിലൊന്ന് പണിയേ ഇന്നുള്ളു. ഇടവഴികൾ അപ്രത്യക്ഷമായി, റോഡുകളും പഞ്ചായത്തു റോഡുകളുമൊക്കെ വന്നതോടെ സൈക്കിളിൽ ചരക്കെത്തിക്കുന്നതിന് സമീപിക്കുന്നവരുടെ എണ്ണം കുറഞ്ഞു. എന്നാലും തനിക്കുള്ള പണി തന്നെ തേടി വരും എന്ന ഉറച്ച വിശ്വാസം ഇദ്ദേഹത്തിനുണ്ട്.

പണി ആരംഭിക്കുമ്പോൾ. ഈ രംഗത്ത് മത്സരം കുറവായിരുന്നു. അന്നു മൂന്നു പേർ മാത്രമാണ് രംഗത്തുണ്ടായിരുന്നത്. അവരാകട്ടെ, തലച്ചുമട് മാത്രമെ എടുത്തിരുന്നുള്ളു. മൂന്നു വർഷമായി മറ്റൊരാൾകൂടി രംഗത്തുണ്ട്. ഈ 50 ാം വയസ്സിലും ഒരു ചാക്കു പഞ്ചസാര ഒറ്റക്കെടുത്തു സൈക്കിളിൽ കയറ്റാനും ലക്ഷ്യസ്ഥാനത്ത് ചെന്നെത്തിക്കാനും താനേയുള്ളു എന്നാണ് മരക്കാറിന്റെ അഭിമാനം. മൂന്നു ചാക്കുവരെ കൊണ്ടു പോയിരുന്നു.

ഒരിക്കലും ഇദ്ദേഹം കണക്കു പറഞ്ഞ് കാശുവാങ്ങാറില്ല. മിക്കവരേയും നേരിട്ടറിയാം. ഒക്കാത്ത ഇടപാടുകാരാണെങ്കിൽ ചരക്കെടുക്കാറില്ല. കൃത്യമായി കാശു തരുന്നവരുണ്ട്, അല്ലാത്തവരും. പക്ഷേ, ഒരിക്കൽ പോലും റൊക്കം പണം വേണമെന്ന് പറഞ്ഞ് വഴക്കുണ്ടാക്കിയിട്ടില്ല.

പണി കുറഞ്ഞതു കാരണം ഇത് കൊണ്ടുമാത്രം ഒരു കുടുംബത്തിനു ജീവിക്കാനാവില്ല. അതിനാൽ പശുവിനെ വളർത്തുന്നു. ഇടവേളകളിൽ പശുവിന് വേണ്ട പുല്ലരിയും, പുല്ലിൻകെട്ട് സൈക്കിളിൽ വെച്ചാണ് വീട്ടിലേക്കുള്ള മടക്കം.

സൈക്കിൾ യാത്ര നിർത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടേയില്ല. സൈക്കിൾ യാത്രയുടെ സുഖം അറിഞ്ഞാൽ അതൊഴിവാക്കാനാവില്ല ബസ്സ് കാത്തു നിൽക്കുന്നതിൽ മടുപ്പുണ്ട്. എവിടെ വേണമെങ്കിലും കൊണ്ടു പോകാം. കടവുകടക്കാൻ പോലും പ്രയാസമില്ല. ആവശ്യമെങ്കിൽ സൈക്കിളിനെ തലച്ചുമടായി കൊണ്ടുപോകാം. തൊഴിൽ നിർത്തിയാലും, സൈക്കിളിനെ ഉപേക്ഷിക്കില്ലെന്ന് മരക്കാർ പറയുന്നു. ●